**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3382** **15-02-2024 - ൽ മറുപടിയ്ക്ക്**

**പരീക്ഷാഭവൻ കൗണ്ടറുകളിലെ ഉദ്യോഗസ്ഥർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പരീക്ഷാഭവനിലെ അപേക്ഷകൾ സ്വീകരിക്കുന്ന കൗണ്ടറിൽ അപേക്ഷകൾ സ്വീകരിക്കുന്നതിനായി എത്ര ഉദ്യോഗസ്ഥരാണുള്ളതെന്ന് അറിയിക്കുമോ; | (എ) | പരീക്ഷാഭവനിലെ അപേക്ഷകൾ സ്വീകരിക്കുന്ന കൗണ്ടറിൽ ഒരു ഉദ്യോഗസ്ഥനാണുള്ളത്. |
| (ബി) | പ്രസ്തുത കൗണ്ടറിൽ അപേക്ഷകൾ സ്വീകരിക്കുന്നതിനും കംപ്യൂട്ടറിൽ ഫയൽ നമ്പറിടുന്നതിനും ആവശ്യമായ ജീവനക്കാരില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | അപേക്ഷകൾ സ്വീകരിക്കുന്നതിനും കംപ്യൂട്ടറിൽ ഫയൽ നമ്പറിടുന്നതിനും നിലവിൽ ആവശ്യമുള്ള ജീവനക്കാർ ഉണ്ട്. |
| (സി) | പരീക്ഷാഭവനിലെ എൻക്വയറി കൗണ്ടറിൽ എത്ര ഉദ്യോഗസ്ഥരെ പോസ്റ്റ് ചെയ്തിട്ടുണ്ടെന്നും അവരുടെ ഡ്യൂട്ടി എന്താണെന്നും വ്യക്തമാക്കാമോ; | (സി) | പരീക്ഷാഭവനിലെ എൻക്വയറി കൗണ്ടറിൽ 2 ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. എൻക്വയറി കൗണ്ടറിന് മുമ്പിൽ അന്വേഷണത്തിന് വരുന്ന പൊതുജനങ്ങളുടെ സംശയങ്ങൾക്ക് കൃത്യമായ മറുപടി നൽകുക, എൻക്വയറികൗണ്ടറിലെ ഫോണുകളിലേക്ക് വരുന്ന എല്ലാ കോളുകളും അറ്റൻഡ് ചെയ്യുക, ഫോൺ കോളുകൾക്ക് കൃത്യമായ മറുപടി നൽകുക എന്നീ ഡ്യൂട്ടികളാണ് അവർക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ളത്. |
| (ഡി) | പരീക്ഷാഭവനിൽ അപേക്ഷകൾ സ്വീകരിക്കുന്ന സ്ഥലത്ത് നെറ്റ് കണക്ഷൻ പ്രശ്നം നിലനിൽക്കുന്നുണ്ടോ; എങ്കിൽ നെറ്റ് കണക്ഷൻ പ്രശ്നം ഉണ്ടാകുന്നതിന്റെ കാരണവും ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളും അറിയിക്കുമോ; | (ഡി) | പരീക്ഷാഭവനിൽ അപേക്ഷകൾ സ്വീകരിക്കുന്ന സ്ഥലത്ത് നിലവിൽ നെറ്റ് കണക്ഷൻ പ്രശ്നങ്ങൾ ഒന്നും തന്നെ ഇല്ല. |
| (ഇ) | നെറ്റ് കണക്ഷൻ ലഭിക്കാതെ വരുമ്പോൾ അപേക്ഷ സ്വീകരിക്കുന്നത് എങ്ങനെയാണെന്നും അത്തരത്തിലുള്ള അപേക്ഷകൾ കംപ്യൂട്ടറിൽ എൻട്രി ചെയ്യുന്നതിന് എത്ര ദിവസമെടുക്കുമെന്നും വ്യക്തമാക്കാമോ; | (ഇ) | നെറ്റ് കണക്ഷൻ ലഭിക്കാതെ വരുമ്പോൾ അപേക്ഷ ടോക്കൺ നമ്പറിന്റെ അടിസ്ഥാനത്തിൽ വാങ്ങുകയും നെറ്റ് വരുന്ന മുറയ്ക്ക് അപേക്ഷയിന്മേൽ തപാൽ നമ്പറിട്ട് കംപ്യൂട്ടറിൽ എൻട്രി വരുത്തി സെക്ഷനിൽ എത്തിക്കുകയും ചെയ്യുന്നു. |
| (എഫ്) | പരീക്ഷാഭവനിലെ തപാൽ സെക്ഷനിൽ എത്ര | (എഫ്) | പരീക്ഷാഭവനിലെ തപാൽ സെക്ഷനിൽ 1 |

| | | | |
|---|---|---|---|
| | ജീവനക്കാർ ജോലി നോക്കുന്നുണ്ടെന്ന് തസ്തിക സഹിതം അറിയിക്കുമോ; നിലവിൽ പരീക്ഷാഭവനിലെ തപാലിൽ ലഭിച്ച പരാതികളിൽ / അപേക്ഷകളിൽ എത്ര പരാതികൾ ഇനിയും തീർപ്പാക്കാനുണ്ടെന്ന് പരാതികളുടെ സ്വഭാവം തിരിച്ച് വിശദമാക്കാമോ; | | സീനിയർ സൂപ്രണ്ട്, 2 സീനിയർ ക്ലാർക്ക്, 5 ക്ലാർക്ക് എന്നീ ജീവനക്കാർ ജോലി നോക്കുന്നു. പരീക്ഷാഭവനിൽ 2023 ജനുവരി മുതൽ 2024 ജനുവരി വരെ ലഭിച്ച പരാതികളുടെയും/ അപേക്ഷകളുടെ യും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ജി) | പരീക്ഷാഭവനിൽ പരാതികൾ/അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും ഓൺലൈനായി അപേക്ഷകളുടെ സ്റ്റാറ്റസ് ചെക്ക് ചെയ്യുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ജി) | പരീക്ഷാഭവനിൽ പരാതികൾ/ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും ഓൺലൈനായി അപേക്ഷകളുടെ സ്റ്റാറ്റസ് പരിശോധിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ നിലവിൽ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

2023, 2024 ജനുവരി വരെ ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ

| | ലഭിച്ചത് | തീർപ്പാക്കിയത് | തീർപ്പാക്കാനുള്ളത് | റിമാർക്ക്സ് |
|---|---|---|---|---|
| തിരുത്തലുകൾ | 20820 | 19765 | 1055 | |
| ഡ്യൂപ്പിക്കേറ്റ് | 17413 | 16318 | 1095 | |
| പരീക്ഷകൾ സംബന്ധിച്ച പരാതികൾ/അപേക്ഷകൾ | 2553 | 2446 | 107 | |
| ആധികാരികത പരിശോധന | 7530 | 7448 | 82 | |
| തുല്യതാ _ സർട്ടിഫിക്കറ്റ് നൽകൽ | 2637 | 2637 | – | |
| മൈഗ്രേഷൻ സർട്ടിഫിക്കറ്റ് നൽകൽ | 1727 | 1727 | – | |
| ജീവനക്കാരുടെ അപേക്ഷകൾ | 538 | 538 | – | |
| വിവരാവകാശം | 330 | 330 | – | |

B. S. Kumar

സെക്ഷൻ ഓഫീസർ